പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3558

15.03.2018 - ൽ മറുപടിക്ക്.

## ജല-വ്യോമ ഗതാഗത കേന്ദ്രങ്ങൾക്ക് അനുബന്ധമായി വ്യവസായ മേഖല

ചോദ്യം
ശ്രീ. റ്റി. വി. രാജേഷ്

മറുപടി
ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

ഓരോ ജില്ലയിലെയും അനുയോജ്യമായ വ്യവസായങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് വിമാനത്താവളങ്ങളെയും പ്രധാന തുറമുഖങ്ങളെയും ബന്ധിപ്പിച്ച് വ്യവസായ മേഖലയും വാണിജ്യ പാർക്കും നിർമ്മിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

കൊച്ചി മുതൽ പാലക്കാട് വരെ ഒരു ഹൈടെക് വ്യവസായ ഇടനാഴി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖേന വികസിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി സംബന്ധിച്ച വിവരങ്ങൾ നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡവലപ്പ്മെന്റ് ആന്റ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റിന് കൈമാറാൻ കേന്ദ്ര സർക്കാരിൽ നിന്നും നിർദ്ദേശം വന്നിട്ടുമുണ്ട്. ചെന്നൈ - ബാംഗ്ലൂർ വ്യവസായ ഇടനാഴി കൊച്ചിയിലേക്ക് ദീർഘിപ്പിച്ച് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി രൂപീകരിക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയാണ് ഇത്. പ്രസ്തുത വ്യവസായ ഇടനാഴിയിൽ ഉൾപ്പെടുന്ന കൊച്ചി, കോഴിക്കോട് വിമാനത്താവളങ്ങളും, കൊച്ചി, ബേപ്പൂർ തുറമുഖങ്ങളും മറ്റ് ഗതാഗത സംവിധാനങ്ങളും ബന്ധിപ്പിച്ച് വ്യവസായ മേഖലയും വാണിജ്യ പാർക്കുകളും രൂപീകരിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ മൊരുക്കലാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

വ്യവസായ വകുപ്പിന്റെ പൊതുമേഖല സ്ഥാപനമായ കിൻഫ്ര, വിമാനത്താവളങ്ങളെയും പ്രധാന തുറമുഖങ്ങളെയും ബന്ധിപ്പിച്ച് പട്ടനൂർ-പനയത്തുംപറമ്പ്, തൊടുപുഴ, മങ്കട, വിഴിഞ്ഞം, കാസർഗോഡ് എന്നിവിടങ്ങളിൽ 5 ബൃഹത് വിവിധോദ്ദേശ വ്യവസായ സോണുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി വിഴിഞ്ഞത്തും കാസർഗോഡും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ.

കെ/09/03